**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **09-02-2023 - ൽ മറുപടിയ്ക്ക്**

**മദ്യ വർജനത്തിനായി കാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി ഉപയോഗത്തിനെതിരായി സർക്കാർ നടത്തിയിട്ടുള്ള കാമ്പയിൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒന്നാം ഘട്ടമായും, നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ടമായും 'No To Drugs' എന്ന പേരിൽ സംസ്ഥാന വ്യാപകമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. ഈ പ്രചരണ പരിപാടികളിലെല്ലാം ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനുള്ള ഫോൺ നമ്പറുകളും, സൗജന്യ കൗൺസിലിംഗ് സേവനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ നമ്പറും വ്യാപകമായി പ്രചരിപ്പിച്ചിട്ടുള്ളതാണ്. ഇതിലൂടെ എക്സൈസ് വകുപ്പിന് കൂടുതൽ മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് ആസക്തിയുള്ള കൂടുതൽ പേർക്ക് സൗജന്യ കൗൺസിലിംഗും തുടർചികിത്സയും നൽകുവാനും സാധിച്ചിട്ടുണ്ട്. പൊതുസ്ഥലത്തെ പുകവലിയ്ക്കും മദ്യപാനത്തിനും കാര്യമായ കുറവ് ഉണ്ടായിട്ടുള്ളതാണ്. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന പ്രവണത വലിയൊരളവിൽ കുറവു വന്നിട്ടുണ്ട്. മയക്കുമരുന്നു കേസുകളിൽ പിടിക്കപ്പെടുന്നവരുടെ മുൻ കേസ്സ് വിവരങ്ങൾ ശേഖരിച്ചും കുറ്റപത്രം തയ്യാറാക്കി കോടതി മുൻപാകെ സമർപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തുന്ന കേസുകളുടെ എണ്ണവും പ്രതികളുടെ എണ്ണവും, പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി |

| | | | |
|---|---|---|---|
| | | | സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള ജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതുമൂലം ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട സ്ഥിരം കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതിലൂടെ മയക്കുമരുന്ന് കടത്ത് നല്ല തോതിൽ തടയുന്നതിന് സാധിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലും, യുവജനങ്ങളിലും ലഹരിക്കെതിരായ ഒരു ചിന്താഗതി വളർത്തിയെടുക്കുന്നതിനു സാധിച്ചിട്ടുണ്ട്. |
| (ബി) | മദ്യശാലകളുടെ എണ്ണം കുറച്ചതു കൊണ്ടുമാത്രം മദ്യവർജനം സാധ്യമല്ലെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ബോധവൽക്കരണത്തിനും ചികിത്സയ്ക്കും പുനരധിവാസത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (ബി) | ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് നൽകുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന ഒരു അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ നടത്തിവരുന്നത്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചു വരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.<br><br>ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി |

| | | | |
|---|---|---|---|
| | | | ഉപയോഗം ഇല്ലാതാക്കുന്നതിന് “നേർക്കൂട്ടം” എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിൽ ഒരു കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. ടി കമ്മറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്ട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി സെന്ററുകളിൽ കിടത്തി ചികിത്സയോടൊപ്പം കൗൺസിലിംഗും നൽകി വരുന്നുണ്ട്. കൂടാതെ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് തിരഞ്ഞെടുത്ത എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി പ്രാഥമിക കൗൺസിലിംഗ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | വിമുക്തി മിഷന്റെ പ്രവർത്തനം വിമുക്തി എക്സിക്യൂട്ടീവ് കമ്മിറ്റി കാലാകാലങ്ങളിൽ ചേർന്ന് വിലയിരുത്തുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന എക്സൈസ് വകുപ്പ് വിവിധ തലങ്ങളിലായി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ